**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 391** **05-12-2022 - ൽ മറുപടിയ്ക്ക്**

**ലൈഫ് ഭവന പദ്ധതി - അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ഇടുക്കി ജില്ലയിലെ അടിമാലി ബ്ലോക്ക് പഞ്ചായത്തിൽ ലൈഫ് ഭവന പദ്ധതി പ്രകാരം ലഭിച്ച അപേക്ഷകൾ വെബ് സൈറ്റിൽ അപ്‌ലോഡ് ചെയ്യാതിരുന്നതിനാൽ അർഹരായ ഗുണഭോക്താക്കൾ അന്തിമ ലിസ്റ്റിൽ ഉൾപ്പെടാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>2017-ൽ തയ്യാറാക്കിയ ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാനാകാതെ പോയ അർഹരായ ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കുന്നതിനായി ഓൺലൈനായി ലഭിച്ച അപേക്ഷകളുടെ അർഹതാ പരിശോധനയുടെ ഭാഗമായുള്ള ഒന്നാം ഘട്ട അപ്പീൽ സ്വീകരിച്ച അവസാന ദിവസമായ 17.06.2022-ന് പ്രസ്തുത ബ്ലോക്ക് പഞ്ചായത്തിൽ ലഭിച്ച 928 അപേക്ഷകൾ പരിശോധിച്ച് ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനും യോഗ്യത ഉള്ളവരുടേയും അയോഗ്യരാവയവരുടേയും ലിസ്റ്റ് സൈറ്റിൽ അപ്ലോഡ് ചെയ്യുന്നതിലും സാങ്കേതിക പ്രശ്നങ്ങൾ കാരണം 119 അപേക്ഷകൾ സൈറ്റിൽ അപ്ലോഡ് ചെയ്യാൻ കഴിഞ്ഞിരുന്നില്ല |
| (ബി) | പ്രസ്തുത അപേക്ഷകൾ അപ്‌ലോഡ് ചെയ്യാൻ സാധിക്കാതിരുന്നതിന്റെ കാരണം വിശദമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>2017-ൽ തയ്യാറാക്കിയ ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാനാകാതെ പോയ അർഹരായ ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കുന്നതിനായി ഓൺലൈനായി ലഭിച്ച അപേക്ഷകളുടെ അർഹതാ പരിശോധനയുടെ ഭാഗമായുള്ള ഒന്നാം ഘട്ട അപ്പീൽ സ്വീകരിച്ച അവസാന ദിവസമായ 17.06.2022-ന് പ്രസ്തുത ബ്ലോക്ക് പഞ്ചായത്തിൽ ലഭിച്ച 928 അപേക്ഷകൾ പരിശോധിച്ച് ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനും യോഗ്യത ഉള്ളവരുടേയും അയോഗ്യരാവയവരുടേയും ലിസ്റ്റ് സൈറ്റിൽ അപ്ലോഡ് ചെയ്യുന്നതിലും സാങ്കേതിക പ്രശ്നങ്ങൾ കാരണം 119 അപേക്ഷകൾ സൈറ്റിൽ അപ്ലോഡ് ചെയ്യാൻ കഴിഞ്ഞിരുന്നില്ല |
| (സി) | ഈ അപേക്ഷകളിൽ നിന്നും അർഹരായവരെ വീണ്ടും പരിഗണിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | ലൈഫ് 2020 അന്തിമ ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിച്ച സാഹചര്യത്തിൽ തൽക്കാലം ഇതു പരിഗണിക്കേണ്ടതില്ല എന്ന് 21.08.2022 ൽ ചേർന്ന |

| | | | |
|---|---|---|---|
| | | | വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി യോഗം തീരുമാനിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ